# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം 213

27.01.2014 ൽ മറുപടിക്ക്

## പൈതൃകശേഷിപ്പുകൾ സംരക്ഷിച്ച് വിനോദസഞ്ചാര വികസനം

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. സി.മമ്മൂട്ടി
ശ്രീ. പി.കെ.ബഷീർ
ശ്രീ. പി.ബി. അബ്ദുൾ റസാക്

എ) വിവിധ പട്ടണങ്ങളിലുള്ള പൈതൃക ശേഷിപ്പുകൾ സംരക്ഷിച്ച് അവ വിനോദസഞ്ചാര വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) പരിഗണനയിലുണ്ട്. അതിപുരാതന കാലം മുതൽ വിദേശികളുമായി വ്യാപാര ബന്ധം പുലർത്തിയിരുന്ന തുറമുഖമാണ് മുസിരിസ്. നമ്മുടെ പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും അവശേഷിപ്പുകൾ സംരക്ഷിച്ച് അവ അടുത്ത തലമുറയ്ക്ക് കൈമാറുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന ഒരു മെഗാ പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട വികസനം പൂർത്തിയാക്കി. രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പുരാതന കാലത്ത് വ്യാപാര ബന്ധം പുലർത്തിയിരുന്ന 31 ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് UNESCO- യുടെ സഹായത്തോടെ സ്പൈസ് റൂട്ട് പ്രോജക്ട് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. കൂടാതെ തലശ്ശേരി പൈതൃക പദ്ധതിയും. നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ കേരളത്തിലെ പ്രധാന വ്യാപാര കേന്ദ്രങ്ങളിലൊന്നായ മട്ടാഞ്ചേരിയിലെ ചരിത്രപ്രാധാന്യമുള്ള പൈതൃക ശേഷിപ്പുകളായ ഡച്ച് പാലസ്, ജൂതപ്പള്ളി, സെന്റ് ഫ്രാൻസിസ് ചർച്ച് മുതലായവ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഒരു കൾച്ചറൽ മൊസൈക്ക് മ്യൂസിയം മട്ടാഞ്ചേരിയിൽ സ്ഥാപിച്ചു വരുന്നു. ഇതിനായി

സംസ്ഥാന സർക്കാർ 4 കോടി 92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ഫോർട്ട് കൊച്ചി ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതി ഫോർട്ട് കൊച്ചിക്കുവേണ്ടി തയ്യാറാക്കുന്ന മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | വിനോദസഞ്ചാരമേഖലയെ ആകർഷിക്കുന്ന പൈതൃക ശേഷിപ്പുകളെയും, ചരിത്രാവശിഷ്ടങ്ങളെയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | ബി) | മുസിരിസ് പൈതൃക പദ്ധതിയുമായും, തലശ്ശേരി പൈതൃക പദ്ധതിയുമായും ബന്ധപ്പെട്ട് വിവര ശേഖരണം നടത്തിവരുന്നു. മുസിരിസ് പൈതൃക പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം "എ" യിൽ ഉള്ളടക്കം ചെയ്യുന്നു. തലശ്ശേരി പൈതൃക പദ്ധതി സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുള്ള സ്ഥലങ്ങൾ അനുബന്ധം "ബി" യിൽ ചേർത്തിട്ടുണ്ട്. മട്ടാഞ്ചേരി കൾച്ചറൽ മൊസൈക്ക് മ്യൂസിയവുമായി ബന്ധപ്പെട്ട് ഡച്ച് പാലസ്, ജൂതപ്പള്ളി, സെന്റ് ഫ്രാൻസിസ് ചർച്ച് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വിവര ശേഖരണം നടത്തിവരുന്നു. ഫോർട്ട് കൊച്ചി ഹെറിറ്റേജ് പ്രോജക്ടിന്റെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ. |
| സി) | ഓരോ പൈതൃകമേഖലയുടെയും തനിമ നിലനിർത്തുന്ന തരത്തിൽ തദ്ദേശീയരുടെ സഹകരണത്തോടെ സമഗ്രപദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ? | സി) | തദ്ദേശീയരുടെ സഹകരണത്തോടെയാണ് മുസിരിസ്- തലശ്ശേരി പൈതൃക പദ്ധതികൾ നടപ്പിലാക്കി വരുന്നത്. തുടർന്ന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പൈതൃക പദ്ധതികളുടെ കാര്യത്തിലും ഈ രീതി തുടരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം "എ"**

**വിവരശേഖരണം നടത്തി വരുന്ന മുസിരിസ് സാംസ്കാരിക**

**പൈതൃക പദ്ധതി സ്ഥലങ്ങൾ**

1. കോട്ടപ്പുറം കോട്ട
2. പരവൂർ ജൂതപ്പള്ളി
3. പലിയം ഡച്ച് കൊട്ടാരം
4. പാലിയം നാലുകെട്ട്
5. പള്ളിപ്പുറം കോട്ട
6. വൈപ്പിൻ കോട്ട സെമിനാരി
7. അബ്ദുൾ റഹ്മാൻ സാഹിബിന്റെ വ ീട്
8. കോട്ടയിൽ കോവിലകം
9. കൊടുങ്ങല്ലൂർ ഭഗവതി ക്ഷെത്രം
10. ചേരമാൻ ജുമാ മസ്ജിദ്
11. ചേരമാൻ പറമ്പ്
12. ചേന്ദമംഗലം ജൂതപ്പള്ളി
13. തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം
14. കീഴ്ത്താലി ശിവക്ഷേത്രം
15. പട്ടണത്തും കോട്ടപ്പുറത്തുമുള്ള ഉൽഖനന കേന്ദ്രങ്ങൾ
16. സെന്റ് തോമസ് കോട്ടക്കടവ് ഫെറോന പള്ളി, നോർത്ത് പറവൂർ
17. സെന്റ് തോമസ് സിറിയൻ യാക്കൊബൈറ്റ്സ് ചർച്ച്, നോർത്ത് പറവൂർ
18. മൂകാംബിക ക്ഷേത്രം, നോർത്ത് പറവൂർ
19. കേസരി ബാലകൃഷ്ണപിള്ളയുടെ വസതി, നോർത്ത് പറവൂർ
20. പി.കേശവദേവിന്റെ വസതി, നോർത്ത് പറവൂർ
21. സഹോദരൻ അയ്യപ്പന്റെ ഭവന ം, ചെറായി, പള്ളിപ്പുറം പഞ്ചായത്ത്
22. പറവൂർ തമ്പുരാന്റെ വസതി,നോർത്ത് പറവൂർ
23. തൃക്കണ്ണാ മതിലകം
24. ഇലവഞ്ചിക്കുളം
25. ബംഗ്ലാവ് കടവ്
26. പറവൂർ ചന്ത
27. പതിനെട്ടരയാളം എടവിലങ്ങ്
28. അഴിക്കോട് മാർത്തോമാ പള്ളി
29. കോട്ടപ്പുറം ചന്ത

കുറിപ്പ്:- കണ്ടെത്തപ്പെടുന്ന സമാനങ്ങളായ പ്രദേശങ്ങൾ ആവശ്യമായ അന്വേഷണത്തിനും ചർച്ചയ്ക്കുശേഷം പിന്നീട് ഉൾപ്പെടുത്തുന്നതായിരിക്കും.

(സെക്ഷൻ ഓഫീസർ)

## Thalassery Heritage Project

| Sl No | Name of project | A.S.Amount Rs. in Lakhs | Present status of work |
|---|---|---|---|
| 1 | Improvements to the road connecting Peralasseri Temple-AKG Smarakam and Makreri Temple from SH at Peralassery | 115 | Work completed |
| 2 | Improvement to Narangapuram-Keezhanthi mukku-Manjodi junction road and Chirakkara-Keezhanthi mukku-Randdam gate road (2.55 km) | 141 | Work completed. |
| 3 | Improvement to road surface of Prabhath junction-Guest House-Girl high school-payyambalam beach | 270 | Completed |
| 4 | Improvement to the Hollow way road Thalassery. | 130 | Work completed. |
| 5 | Improvement to the Thalasseri Coorg road from Sangamam junction to Ernhipalam road | 121 | Estimate not prepared |
| 6 | Improvement of road to Sree RajaRajeswara Temple, Thalipparamba | 160 | Work in progress. |
| 7 | Improvement of road Saidharpally-Temple gate-Kannichira road (1.950 km) | 150 | Work completed. |
| 8 | Improvement to Koduvally junction to Vameal Kshethram road.( 0.325 KM) | 25 | Work completed. |
| 9 | Improvement of road to Venus junction-Railway station-Sangamam Junction | 146 | Work completed |

| | | | |
|---|---|---|---|
| 10 | Improvement to the riding quality of the road – Muzhuppilangad Kulam bazaar to Muzhuppilangad Beach | 50 | Work to be started |
| 11 | Construction of a Bye-pass road to Thalassery Town connecting Koduvally Jn(NH 17) to Mahe Bridge | 675 | Work in progress. |
| 12 | Interpretation centre on Folklore arts at Chirakkal | 250 | Not started. CDP received. Details to be received from architect for tendering |
| 13 | Conservation works of Arakkel kettu, Kannur | 112 | Not started. CDP received. Details to be received from architect for tendering |
| 14 | Construction of new buildings for KITTS training centre at Thalasseri | 210 | Work started, 25% completed |
| 15 | Thalsseri heritage circuit projects-construction of Museum of cakes at Thalassseri | 107 | Not started. CDP received. Details to be received from architect for tendering |
| 16 | Thalsseri heritage circuit projects-construction of museum on history of British settlement in Kannur(CSI Church) | 166 | Not started. CDP received. Details to be received from architect for tendering |
| 17 | Thalsseri heritage circuit projects-construction of traditional folk arts performance centre at Kannapuram | 228.5 | Not started. CDP received. Details to be received from architect for tendering |
| 18 | Thalassery heritage circuit-Construction of Theyyam performance centre of Thalassery | 186 | Not started. CDP received. Details to be received from architect for tendering |

[illegible] 3/3

| | | | |
|---|---|---|---|
| 19 | Thalassery heritage circuit-Setting up of the Special Implementation team and office for the project | 33.08 | |
| 20 | Thalassery heritage circuit-Signages and pavements for Thalassery heritage tourism project | 50 | Not started. CDP received. Details to be received from architect for tendering |
| 21 | Thalassery heritage circuit-Renovation of Gundert Bunglow. Proposed Museum of Basel mission, Thalassery | 118 | Not started. CDP received. Details to be received from architect for tendering |
| 22 | **Development of Jawahar Ghat** | 200 | |
| | (a) Preparation of Yard | | 100% work completed |
| | (b) Work of approach road | | 100% work completed |
| | (c) Construction of drain, gate and rain shelter | | 92% of the work completed and remaining work is in progress |
| | (d)Electrification | | Work started |
| | (e)Additional work | | 92% of the work completed. |
| 23 | Walkway from Sea View Park to Over Burries Folly | 780 | TS estimate being finalised. |
| 24 | Development of Koduvally Bridge and Thalassery entry area Beach | 95 | Nil |

[illegible]